**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1619** **28-07-2021 - ൽ മറുപടിയ്ക്ക്**

**ആയുഷ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ആയുഷ് വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ആയുഷ് വകുപ്പിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിൽ 25 ബെഡ്ഡുകളോട് കൂടി ആശുപത്രി തുടങ്ങുന്നത് സർക്കാറിന്റെ പരിഗണനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | മഞ്ചേശ്വരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മീഞ്ച ഗവ. ആയുർവേദ ഡിസ്പെൻസറി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ പഞ്ചായത്ത് തീരുമാനം ലഭിക്കുകയും, തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി മണ്ഡലത്തിൽ 25 കിടക്കകളോട് കൂടിയ ഹോമിയോപ്പതി ആശുപത്രി തുടങ്ങുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട Ayush B3/351/1779160 എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (സി) | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 10 കിടക്കകളോട് കൂടിയ ഒരു ഹോമിയോ ആശുപത്രി തുടങ്ങണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് ലഭിച്ച അപേക്ഷ B3/351/2017/AYUSH നമ്പർ പുറത്തെഴുത്ത് മുഖേന തുടർ നടപടികൾക്കായി ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ആയുഷ് വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

# I. ഭാരതീയ ചികിത്സാ വകുപ്പ് :

- ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്ക്കരണം

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പഞ്ചകർമ്മ, കൗമാരഭൃത്യം , ക്ഷേമ ജനനി, പ്രസൂതിതന്ത്ര, ആയുർവേദ സാന്ത്വന ചികിത്സാ പദ്ധതിയായ സ്നേഹധാര, യോഗ/ പ്രകൃതി ചികിത്സാ, മാനസികം, നിരാലംബരും അശരണരുമായ വൃദ്ധജനങ്ങൾക്കായി ജെറിയാട്രിക് കെയർ, സിക്കിൾ സെൽ, ക്ഷാരസൂത്ര, നിർവിഷ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങൾ ക്യാഷ് നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി നാപ്കിൻ ഇൻസിനറേറ്റർ, ബയോവേസ്റ്റ് മാനേജ്മെന്റ്, അഗ്നിശമന ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചു വരുന്നു.

- തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൌൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർസ് മെഡിസിനായുള്ള ഗവേഷണ വിഭാഗം

സ്പോർട്സ് താരങ്ങൾക്ക് ഓജസ്സും കരുത്തും വർദ്ധിപ്പിക്കുന്നതിനായി ആയുർവേദ റിസർച്ച് സെല്ലിന്റെ കീഴിൽ ഇൻഡ്യൻ സ്പോർട്സ് മെഡിസിൻ 8 ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു.

- നിർമ്മാണ പ്രവർത്തനങ്ങൾ

ഭാരതീയ ചികിത്സാ വകുപ്പിൽ ആവശ്യമായ ആശുപത്രി/ ഡിസ്പെൻസറികളുടെ കെട്ടിടം, വാർഡ്, പേവാർഡ്, എന്നീവയുടെ നിർമ്മാണ പ്രവത്തനങ്ങൾ നടത്തി വരുന്നുണ്ട്.

- സംസ്ഥാന ഔഷധ സസ്യ ബോർഡ്

ഉയർന്ന ഗുണനിലവാരമുള്ള വിളകളുടെ ഉൽപ്പാദനം, ഗൃഹചൈതന്യം പ്രോജക്ട് നടപ്പിലാക്കുന്നതിന്, സംസ്ഥാനത്ത് മരുന്നു ചെടികളുടെ ഉൽപ്പാദനം എന്നിവയ്ക്കായി സ്റ്റേറ്റ് മെഡിസിനൽ പ്ലാൻറ് ബോർഡിന് വകുപ്പ് മുഖേന സഹായധനം നൽകി വരുന്നു.

- ഔഷധി

ഇന്ത്യയിൽ ആയുർവേദ മരുന്ന് നിർമ്മിക്കുന്ന ഏറ്റവും വലിയ സർക്കാർ കമ്പനിയാണ് ഔഷധിയ്ക്ക് വകുപ്പ് മുഖേന മൂലധന വിഹിതം നൽകി വരുന്നു.

- എച്ച് ഐ എം എസ് (ആരോഗ്യ വിവര ശേഖര പരിപാലന സംവിധാനം)

ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളിലും ആശുപത്രികളിലും ഇ-ഓഫീസ്, ഇ-ആശുപത്രി സംവിധാനം നടപ്പിലാക്കി വരുന്നു

- നാഷണൽ ആയുഷ് മിഷൻ

ആയുർവേദ, സിദ്ധ, യുനാനി, മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന വിഹിതമായി തുക നൽകി വരുന്നു.

- <u>വിദ്യാലയ ആരോഗ്യപരിപാടികൾ</u>

സ്കൂൾ കുട്ടികളുടെ നേത്ര ചികിത്സയ്ക്കായി ദൃഷ്ടി പദ്ധതി നടപ്പിലാക്കി വരുന്നു.

- <u>ജീവനി, പുനർന്നവ</u>

പ്രമേഹ രോഗ ചികിത്സയ്ക്കായി ജീവനി എന്ന പദ്ധതിയും പക്ഷാഘാത രോഗികൾക്കായി പുനർന്നവ പദ്ധതിയും നടപ്പിലാക്കി വരുന്നു.

- <u>പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ</u>

സംസ്ഥാനത്ത് പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധത്തിനായി വകുപ്പ് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## II. <u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>

- അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം പദ്ധതി പ്രവർത്തനം ആരംഭിക്കൽ
- സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്, ഇടുക്കി, നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭം.
- സർക്കാർ ആയുർവേദ മാനസിക രോഗ ആശുപത്രി, കണ്ണൂർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കൽ
- പാരാസർജിക്കൽ & ഒഫ്ത്താൽമോളജി ഇൻസ്റ്റിറ്റ്യൂട്ട് ബഹുനില കെട്ടിട നിർമ്മാണം.
- സ്പെഷ്യൽ ജെറിയാട്രിക് കെയർ ബഹുനില കെട്ടിട നിർമ്മാണം.
- പൂജപ്പുര ആയുർവേദ മെഡിക്കൽ കോളേജ് പഞ്ചകർമ്മ ആശുപത്രിയിലെ പഴയ കെട്ടിടത്തിൽ പൊതുജനങ്ങൾക്കായി യോഗഹാൾ നിർമ്മാണം.
- പൂജപ്പുര ആയുർവേദ മെഡിക്കൽ കോളേജ് പഞ്ചകർമ്മ ആശുപത്രിയുടെ പൂർണ്ണമായ നവീകരണം.
- പൂജപ്പുര ആയുർവേദ മെഡിക്കൽ കോളേജ് ആനിമൽ ഹൗസ് നവീകരണം.
- പൂജപ്പുര ആയുർവേദ കോളേജ് ക്യാമ്പസിലെ കുളം നവീകരണത്തിന്റെ ശേഷിക്കുന്ന പ്രവർത്തികളുടെ പൂർത്തീകരണം.
- പുതിയ അക്കാദമിക് ബ്ലോക് നിർമ്മാണം, സർക്കാർ ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ
- ഇ-ഗവേണൻസ് പദ്ധതികൾ പൂർത്തിയാക്കൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഓഫീസുകളിലും ആശുപത്രികളിലും താഴെപറയുന്ന ഇ-ഗവേണൻസ് പദ്ധതികൾ പൂർത്തിയാക്കി വരുന്നു.
    - ഇ-ഓഫീസ്
    - ഇ-ഹോസ്പിറ്റൽ
    - ഇ-അഡ്മിഷൻ (പാരാ മെഡിക്കൽ കോഴ്സുകൾക്കായി)
- പുതിയ ആയുർവേദ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി, കണ്ണൂർ പ്രവർത്തനം ആരംഭിക്കൽ
- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖേന അന്താരാഷ്ട്ര നിലവാരത്തിലുള്ള ജേർണൽ പ്രസിദ്ധീകരിക്കൽ.

## III. ഹോമിയോപ്പതി വകുപ്പ്

- ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവത്കരണവും നിലവാരം മെച്ചപ്പെടുത്തലും.
- ആരോഗ്യപരിപാലനവും, സ്പെഷ്യാലിറ്റി ക്ലിനിക്കുകളും.
- ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും, നവീകരണത്തിനുമുള്ള മൂലധനസഹായം.
- ജനനി-വന്ധ്യതാ നിവാരണ പദ്ധതി
- ഹോംകോയ്ക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്
- ദേശീയ ആയുഷ് മിഷൻ – CSS - (കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം)

## IV. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗം

- ക്യാൻസർ കെയർ പ്രോജക്ട്
- ശ്രവ്യ ഇ.എൻ.റ്റി. പ്രോജക്ട്
- ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് & റിസർച്ച് സെന്റർ ഇൻ ഹോമിയോപ്പതി പ്രോജ്ക്ട്
- പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രോജക്ട് എന്നീ പ്രോജക്ടുകൾ നടന്നു വരുന്നു.
- ഡിപ്പാർട്ട്മെന്റ് റിസർച്ച് വിംഗ് (DRW)

## V. നാഷണൽ ആയുഷ് മിഷൻ

- ആയുഷ് ഗ്രാമം - ആയുർവേദത്തിൽ അധിഷ്ഠിതമായ ആരോഗ്യശീലങ്ങൾ പ്രചരിപ്പിക്കുക, പകർച്ചവ്യാധി പ്രതിരോധം, ജീവിത ശൈലീ രോഗ പ്രതിരോധം എന്നിവയിലൂന്നിയ പ്രവർത്തനങ്ങൾ നടത്തുക, യോഗ, ഔഷധ സസ്യ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക (16 യൂണിറ്റുകൾ) എന്നിവയ്ക്ക് വേണ്ടി ആരംഭിച്ചു.
- ആയുഷ് വെൽനെസ്സ് സെന്റർ - രോഗ പ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും യോഗ ഉപയോഗപ്പെടുത്തി വിദഗ്ദ ഡോക്ടറുടെ മേൽനോട്ടത്തിൽ 14 യൂണിറ്റുകളിൽ പരിശീലനം നടത്തി വരുന്നു.
- സർക്കാർ യോഗ പ്രകൃതി ചികിത്സാ ആശുപത്രി, വർക്കല (1 യൂണിറ്റ്) അസിസ്റ്റന്റ് പ്രോഗ്രാം.
- എൻ.സി.ഡി.. പ്രിവൻഷൻ & മാനേജ്മെന്റ് പ്രോഗ്രാം (14 യൂണിറ്റ്)
- ട്രൈബൽ ഹോമിയോപ്പതി മെഡിക്കൽ യൂണിറ്റ് (ഇടുക്കി) (1 യൂണിറ്റ്)
- ആയുഷ് ട്രൈബൽ മെഡിക്കൽ യൂണിറ്റ് (പാലക്കാട്, കണ്ണൂർ & വയനാട്) - (3 യൂണിറ്റുകൾ)
- ജനനി-ഹോമിയോപ്പതി ഫെർട്ടിലിറ്റി സെന്റർ (5 യൂണിറ്റുകൾ) (തിരുവനന്തപുരം, കോട്ടയം, എറണാകുളം, കണ്ണൂർ, കോഴിക്കോട്)
- ദൃഷ്ടി പ്രോജക്ട് - (4 യൂണിറ്റുകൾ) - (തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ) ആയുർവേദ നേത്ര ചികിത്സാ പദ്ധതി
- സാന്ത്വനം പ്രോജക്ട് (കാസർഗോഡ്) എൻഡോസർഫാൻ വിക്ടിംസ് (1 യൂണിറ്റ്) - ചികിത്സാ പദ്ധതി
- സ്നേഹധാര പ്രോജക്ട് (14 യൂണിറ്റുകൾ) - പാലിയേറ്റീവ് കെയർ
- പ്രാണശക്തി (തൃശ്ശൂർ, മലപ്പുറം) - മോട്ടോർ ന്യൂറോൺ രോഗികൾക്കുള്ള ചികിത്സാ പദ്ധതി (2 യൂണിറ്റുകൾ)
- സീതാലയം - ലിംഗ സമത്വവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമാക്കുന്ന സർക്കാർ പദ്ധതികളുടെ ഭാഗമായി ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച ഈ നൂതന പദ്ധതി ലക്ഷ്യമിടുന്നത് സ്ത്രീ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ആബാലവൃദ്ധം പേർക്കും ശാരീരികവും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് സമഗ്രചികിത്സയും തുടർന്ന് പുനരധിവാസം സാധ്യമാക്കാൻ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായി സംയുക്ത ഇടപെടലുകളും നടത്തുക എന്നതാണ് ദൗത്യം .(14 യൂണിറ്റുകൾ)

- സദ്ഗമയ – കൗമാരക്കാരുടെ സ്വഭാവവൈകല്യങ്ങൾ, പ്രശ്നങ്ങൾ എന്നിവയുടെ പരിഹാരത്തിനായുള്ള ഒരു സംയോജന പദ്ധതിയാണ്. (14 യൂണിറ്റുകൾ)
- ആയുർകർമ പ്രോജക്ട് - ഒ.പി. അടിസ്ഥാനത്തിലൂടെ പഞ്ചകർമ്മ പദ്ധതി (1 യൂണിറ്റ്)
- അലർജി & ആസ്ത്മ ക്ലിനിക് (14 യൂണിറ്റുകൾ)
- തൈറോയിഡ് സ്പെഷ്യൽ ക്ലിനിക്. (14 യൂണിറ്റുകൾ)
- ആയുർവേദ ആനോ റെക്ടൽ ക്ലിനിക്ക് (വയനാട്) (1 യൂണിറ്റ്)
- ആരോഗ്യ നൗക – ദ്വീപുകളിൽ ചികിത്സാ സഹായം (ആലപ്പുഴ) (1 )
- ആയുർവേദ ഇൻഫെർട്ടിലിറ്റി സെന്റർ (പത്തനംതിട്ട) (1 യൂണിറ്റ്)
- മഗളിർ ജ്യോതി (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, മലപ്പുറം, പാലക്കാട്) സ്ത്രീകൾക്കുള്ള സിദ്ധ ആരോഗ്യ പദ്ധതി (10 മുതൽ 50 വയസ്സ്) (6 ജില്ലകൾ)
- മേധ (മലപ്പുറം) - ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികൾക്കുള്ള ചികിത്സാ പദ്ധതി
- പ്രതീക്ഷ (മലപ്പുറം) സ്കൂൾ കുട്ടികൾക്കുള്ള മാനസിക ആരോഗ്യ പദ്ധതി
- ഹർഷം ഡിപ്രഷൻ ക്ലിനിക്ക് (കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ) (6)
- വുമൺ & ചൈൽഡ് ആശുപത്രി, പൂജപ്പുര – അസിസ്റ്റൻസ് പ്രോഗ്രാം. (തിരുവനന്തപുരം)
- സർക്കാർ വയോജന കേന്ദ്രങ്ങളിൽ ആയുർ മാസ്ക് വിതരണം (1)

**<u>നാഷണൽ ആയുഷ് മിഷന് കീഴിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സർക്കാർ ആയുർവേദ/ ഹോമിയോ ആശുപത്രി/ ഡിസ്പെൻസറിയുടെ വിശദാംശങ്ങൾ</u>**

- ഗവ. ആയുർവേദ ഡിസ്പെൻസറി, പൊയിലൂർ, മലപ്പുറം.
- ഗവ. ആയുർവേദ ഡിസ്പെൻസറി, വലിയപറമ്പ, കാസർഗോഡ്.
- ജില്ലാ ഹോമിയോ ആശുപത്രി, കൊല്ലം.
- ഗവ. ആയുർവേദ ആശുപത്രി, സന്നിധാനം, പത്തനംതിട്ട.
- ഗവ. ഹോമിയോ ആശുപത്രി, സന്നിധാനം, പത്തനംതിട്ട
- ഗവ. ഹോമിയോ ഡിസ്പെൻസറി, ചമ്പക്കുളം, ആലപ്പുഴ
- ഗവ. ആയുർവേദ ആശുപത്രി, പാലക്കാട്
- ഗവ. ആയുർവേദ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം
- ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ
- ഗവ. ഹോമിയോ ഹോസ്പിറ്റൽ കാണാക്കാരി, കോട്ടയം.
- ഗവ. ഹോമിയോ ആശുപത്രി, കക്കാട്, കണ്ണൂർ.
- ഗവ. ആയുർവേദ ഡിസ്പെൻസറി, ശ്രീമൂല നഗരം, എറണാകുളം.
- ഗവ. ആയുർവേദ ഡിസ്പെൻസറി, കോട്ടക്കൽ, മലപ്പുറം.
- ജില്ലാ ഹോമിയോ ആശുപത്രി, കൊയിലാണ്ടി, കോഴിക്കോട്
- ഗവ. ആയുർവേദ ആശുപത്രി, ആയൂർ, കൊല്ലം.
- ജില്ലാ ഹോമിയോ ആശുപത്രി, ആലപ്പുഴ.

- ഗവ. ഹോമിയോ ഡിസ്പെൻസറി, ചുങ്കപ്പാറ, പത്തനംതിട്ട.
- ഗവ. ആയുർവേദ ഡിസ്പെൻസറി, തകഴി, ആലപ്പുഴ.
- ജില്ലാ ഹോമിയോ ആശുപത്രി, തൃശ്ശൂർ
- ഗവ. സ്പോർട്സ് ആയുർവേദ ആശുപത്രി, തൃശ്ശൂർ
- ഗവ. ആയുർവേദ ആശുപത്രി, കല്ല്യാശ്ശേരി, കണ്ണൂർ
- ഗവ. ആയുർവേദ ആശുപത്രി, ചീമേനി, കാസർഗേഡ്
- ഗവ. ഹോമിയോ ഡിസ്പെൻസറി, ചക്കുപള്ളം, ഇടുക്കി.
- ജില്ലാ ഹോമിയോ ആശുപത്രി, മുട്ടം, ഇടുക്കി.

**<u>പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

- 50 ബെഡ്ഡഡ് ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി, ചാലക്കുടി
- 50 ബെഡ്ഡഡ് ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി, മട്ടന്നൂർ